**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2564** **13-02-2024 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ടിൽ നിന്നും റോഡ് ടൈൽ ഇടുന്നതിന് ഓരോന്നിനും പ്രത്യേകം പ്രത്യേകം അനുമതി വാങ്ങേണ്ടതായിട്ട് വരുന്നത് പ്രവൃത്തി ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനിടയാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ പ്രവൃത്തികളുടെയും എണ്ണം ഒരുമിച്ച് തിട്ടപ്പെടുത്തി അനുമതി നൽകാനുള്ള നടപടി സ്വീകരിക്കുമോ? | (എ) | ടൈൽ പാകിയുള്ള റോഡ് നിർമ്മാണം എല്ലാ സാഹചര്യത്തിലും അവലംബിക്കാവുന്ന ഒരു പൊതു റോഡ് നിർമ്മാണ രീതിയായി അംഗീകരിച്ചുകൊണ്ട് അനുവദിക്കാൻ ആസ്തി വികസന ഫണ്ടിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥയില്ല. എന്നാൽ റോഡിന്റെ സ്വഭാവവും സാങ്കേതികമായ അനിവാര്യതയും പരിഗണിച്ചുകൊണ്ട് ടൈൽ പാകേണ്ടത് ചില സാഹചര്യങ്ങളിൽ റോഡ് നിർമ്മാണത്തിന് അനിവാര്യമാകാറുണ്ട്. അങ്ങനെയുള്ള കേസുകളിൽ ആവശ്യകത പരിഗണിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാങ്കേതിക അനിവാര്യത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അത്യാവശ്യമെങ്കിൽ മാത്രം ടൈൽ പാകലിന് പ്രത്യേകാനുമതി നൽകാം എന്നാണ് ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാട്. ഈ വിഷയത്തിൽ വകുപ്പിന് ലഭിക്കുന്ന പ്രത്യേകാനുമതി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാറുണ്ട്. ഇക്കാര്യത്തിൽ കാലതാമസം ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ